**File No.SJD/1810/2020-E5**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :13/07/2020
Email –swdkerala@gmail.com
Phone : 0471 – 2306040

**സർക്കുലർ**

വിഷയം: സാ.നീ.വ – കോവിഡ് 19 – ലോക്ക് ഡൗൺ – ഡ്യൂട്ടി ക്രമീകരണം – സംബന്ധിച്ച്.

സൂചന: 12.07.2020 തിയതിയിലെ സ .ഉ (സാധാ ) നം 2237/ 2020 /പൊ ഭ. വ നമ്പർ ഉത്തരവ്

സൂചന പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ലോക്ക് ഡൗൺ ഒരാഴ്ചകൂടി ദീർഘിപ്പിച്ച സാഹചര്യത്തിൽ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി ചുവടെ പറയുന്ന ക്രമീകരണം നടപ്പിലാക്കുന്നു.

1. ഓഫീസുകളിൽ ഹാജരാകാൻ സാധിക്കാത്ത ജീവനക്കാർ വർക്ക് ഫ്രം ഹോം ആയി ആഴ്ചയിൽ 5 ദിവസവും ജോലി കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.കൂടാതെ ഉദ്യോഗസ്ഥർ e-office മുഖേന കൈകാര്യം ചെയ്യുന്ന ഫയലുകളുടെ അടിസ്ഥാനത്തിൽ മാത്രം ഹാജർ വിലയിരുത്തുന്നതാണ്.
2. സർക്കാരിൽ നിന്നും, കീഴ് കാര്യാലയങ്ങളിൽ നിന്നും ഇ-മെയിൽ മുഖാന്തിരം വരുന്ന തപാലുകൾ കൃത്യമായും പരിശോധിച്ച് സൂപ്രണ്ടുമാർ e-office മുഖേന ബന്ധപ്പെട്ട സീറ്റുകൾക്ക് നൽകേണ്ടതും, ക്ലർക്കുമാർ ഇ-ഫയൽ മുഖേന തുടർ നടപടി സ്വീകരിക്കേണ്ടതും, സൂപ്രണ്ടുമാർ ആയത് ഉറപ്പ വരുത്തേണ്ടതുമാണ്.
3. F.O, L.O , A.O, ,A.D മാർ ഹെഡ് ക്വാർട്ടേഴ്സിൽ ഉണ്ടായിരിക്കേണ്ടതും, സ്കീമുകൾ / സർക്കാരിലേയ്ക്കുള്ള പ്രൊപ്പോസലുകൾ , മറ്റ് അടിയന്തിര ഫയലുകൾ എന്നിവ സമയബന്ധിതമായി സെക്ഷനുകളെ കൊണ്ട് ചെയ്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. എല്ലാ സെക്ഷനുകളിലും ആഴ്ചയിൽ അഞ്ച് ദിവസവും കത്തുകൾ അയക്കുന്നതും അലോട്ട്മെന്റ് ഉൾപ്പടെ ഉള്ള ജോലികൾ പെൻഡിംഗ് ഇല്ലാത്ത തരത്തിൽ ഓഫീസിലെത്തി ചെയ്ത് തീർക്കുന്നതിന് സൂപ്രണ്ടുമാർ നടപടി സ്വീകരിക്കേണ്ടതാണ്. (കുറഞ്ഞത് ഒരു ക്ലർക്ക് എങ്കിലും ഒരു സെക്ഷനിൽ എല്ലാ പ്രവർത്തി ദിനങ്ങളിലും കൃത്യമായും ഉണ്ടായിരിക്കേണ്ടതാണ്).
5. ബിൽ സെക്ഷനിൽ അടിയന്തിരമായി ട്രഷറി മുഖാന്തിരം മാറുവാനുള്ള ബില്ലുകളെല്ലാം സമയബന്ധിതമായി മാറുന്നതിന് ആവശ്യമായ നടപടി സൂപ്രണ്ട് സ്വീകരിക്കേണ്ടതാണ്. (സെക്ഷനുകളിൽ നിന്ന് ലഭിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ).
6. ജീവനക്കാർ ഇ ഓഫീസിൽ ലോഗിൻ ചെയ്യുന്ന സമയം എല്ലാ ദിവസവും IT സെൽ മുഖേന AO ലഭ്യമാക്കേണ്ടതാണ്.
7. എല്ലാ യൂണിറ്റ് ഓഫീസർമാരും അവരവരുടെ സെക്ഷനിലെ ജീവനക്കാരുടെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽടേണ്ടതുമാണ്
8. തിരുവനന്തപുരം ജില്ലയിലെ കീഴ് കാര്യാലയങ്ങൾ മിനിമം ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കേണ്ടതാണ്.

for

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ സെക്ഷൻ യൂണിറ്റ് ഓഫീസർമാർക്കും ,
ബന്ധപെട്ട ജീവനക്കാർക്കും
ജില്ലാ സാമൂഹ്യ നീതി ഓഫീസര് /
ജില്ല പ്രൊബേഷൻ ഓഫീസ് തിരുവനന്തപുരം